ശ്രീ. സ്റ്റീഫൻ ജോർജ്ജ് : സർ, ബഹുമാനപ്പെട്ട രണ്ടുമന്ത്രിമാരും സൂചിപ്പിച്ചതും ഭരണ സമിതിയുടെ കെടുകാര്യസ്ഥതയും ക്രമക്കേടുകളും കാരണമാണ് ഇത് സംഭവിച്ചതെന്നാണ്. 1991-ലാണ് അതിൽ liquidator – റെ നിയമിച്ചതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. 1991 മുതൽ liquidator പ്രവർത്തിക്കുന്നു. ഇതുവരെ റിപ്പോർട്ട് തരാൻ കഴിഞ്ഞിട്ടില്ല. ദീർഘനാളുകൾ കഴിഞ്ഞിരിക്കുന്നു. കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റിലെ ഇൻസ്പെക്ടറാണ് ഇതിന്റെ ലിക്വിഡേറ്ററായി പ്രവർത്തിക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് ഒരു ഫുൾ ടൈം ഉദ്യോഗസ്ഥനെ വച്ച് സമയബന്ധിതമായി റിപ്പോർട്ട് സ്വീകരിച്ച് ഭരണസമിതിയിലെ ക്രമക്കേടും കെടുകാര്യസ്ഥതയും കാണിച്ചവർക്കതിരെ നടപടിയെടുത്ത് പുതിയ ഒരു ക്രമീകരണം ചെയ്യാൻ ഗവണ്മെന്റ് തയ്യാറാകുമോ ?

ശ്രീ. കെ. എം. മാണി : മെമ്പർ പറഞ്ഞത് ശരിയാണ്. കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടറെ അഡീഷണൽ ചാർജ്ജ് കൊടുത്താണ് വച്ചിരിക്കുന്നത്. ഒരു ഫുൾ ടൈം ലിക്വിഡേറ്റർ ഇല്ല. ഏതായാലും ഇപ്പോൾ പന്ത്രണ്ട്, പതിമൂന്ന് വർഷം കഴിഞ്ഞു. ഇത്രയും കാലതാമസം വരുന്നത് വാസ്തവത്തിൽ ശരിയല്ല. ഏതായാലും ഇത് ത്വരിതപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചായും ഗവണ്മെന്റെടുക്കാം. കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയിൽ ഇത് പെടുത്തുകയും ചെയ്യാം.

പച്ചക്കറി സംഭരണം

*2 [212] ശ്രീ. എ. സുജനപാൽ:
ശ്രീമതി രാധാരാഘവൻ:
ശ്രീ. പി. ജെ ജോയി:
,, അടൂർ പ്രകാശ് :
,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികൾച്ചർ ഡവലപ്മെന്റ് കോർപ്പറേഷനുമായി ബന്ധപ്പെട്ട് എത്ര പച്ചക്കറി ഉൽപ്പാദക സംഘങ്ങൾ പ്രവർത്തിക്കുന്നു ;

(ബി) ഇവ ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ എത്ര ടൺ പച്ചക്കറി ഉൽപ്പാദിപ്പിച്ചു;

(സി) ഈയിനത്തിൽ ഈ സംഘങ്ങൾക്ക് എന്ത് വരുമാനമുണ്ടായി;

(ഡി) ഈ കോർപ്പറേഷന്റെ പച്ചക്കറി വിൽപ്പന സ്റ്റാളുകളിലൂടെ ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ എത്ര ടൺ പച്ചക്കറി വിറ്റു ;

(ഇ) ഇതു മുഴുവൻ ഈ കോർപ്പറേഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പച്ചക്കറി ഉൽപ്പാദക സംഘങ്ങളിൽനിന്നാണോ സംഭരിച്ചത്;

(എഫ്) അല്ലെങ്കിൽ എന്തുകൊണ്ട് ;

(ജി) ഹോർട്ടികൾച്ചർ ഡവലപ്മെന്റ് കോർപ്പറേഷന്റെ പച്ചക്കറി വിൽപ്പന സ്റ്റാളുകൾക്കാവശ്യമായ പച്ചക്കറി മറ്റെവിടെയെല്ലാം നിന്നാണ് സംഭരിച്ചതെന്ന് വെളിപെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഹോർട്ടികൾച്ചറൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ കീഴിൽ സംഘങ്ങൾ പ്രവർത്തിക്കുന്നില്ല. എന്നാൽ വി.എഫ്.പി.സി.കെ.-യുമായി ഹോർട്ടികോർപ്പ് ഒരു ധാരണാപത്രം ഒപ്പുവച്ച് പ്രവർത്തിക്കുന്നതിന്റെ അടിസ്ഥാനത്തിൽ 1013 സ്വാശ്രയ സംഘങ്ങളിൽ നിന്ന് ഹോർട്ടികോർപ്പ് പച്ചക്കറി സംഭരിക്കുന്നുണ്ട്.

(ബി) ഈ സംഘങ്ങൾ 16000 ടൺ പഴം, പച്ചക്കറി ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

(സി) ഈ ഇനത്തിൽ ഏകദേശം 15 കോടി രൂപയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ട്.

(ഡി) 4445 ടൺ പച്ചക്കറികൾ കോർപ്പറേഷൻ വിൽപ്പന നടത്തുകയുണ്ടായി.

(ഇ) അല്ല. പച്ചക്കറി ഉൽപ്പാദക സംഘങ്ങളിൽ നിന്നും ആവശ്യത്തിനു കിട്ടാത്ത പച്ചക്കറികൾ പുറത്തുനിന്നും സംഭരിക്കുന്നുണ്ട്.

(എഫ്) ഇവിടെ ലഭ്യമല്ലാത്തതുകൊണ്ട് കാരറ്റ്, ബീൻസ്, ബീറ്റ്റൂട്ട്, ക്യാബേജ്, കത്തിരി മുതലായ പച്ചക്കറികൾ പുറത്തുനിന്നുമാണ് സംഭരിക്കുന്നത്.

(ജി) കേരളത്തിൽ കിട്ടാത്തയിനം പച്ചക്കറികൾ തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിൽ നിന്നാണ് സംഭരിക്കുന്നത്.

ശ്രീ. എ. സുജനപാൽ : സർ, ഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ Horticulture Development Corporation-ന്റെ കീഴിൽ സംഘങ്ങളൊന്നുംതന്നെ നേരിട്ട് പ്രവർത്തിക്കുന്നില്ല എന്ന് മറുപടി പറയുകയുണ്ടായി. Horticulture Development Corporation -ന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ പ്രധാനമായും പച്ചക്കറി കൃഷിക്കാരെ സഹായിക്കാൻ വേണ്ടി പച്ചക്കറി സംഭരിക്കാനും അത് മാർക്കറ്റ് ചെയ്യാനും വേണ്ടിയുള്ള സംവിധാനമുണ്ടാക്കുക എന്നതാണ്. ഇതിനെ സംബന്ധിച്ചിടത്തോളം കേന്ദ്ര ഗവണ്മെന്റിന്റെ സഹായത്തോടുകൂടി Horticulture Development Corporation പച്ചക്കറി കൃഷിക്കാരെ സഹായിക്കാൻ എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : പച്ചക്കറി കൃഷി ഇപ്പോൾ V.F.P.C.K. മുഖാന്തിരമാണ് നടത്തുന്നത്. മുമ്പുണ്ടായിരുന്ന സംഘങ്ങൾക്ക് പഴയ കാലത്ത് ഗവൺമെന്റ് കൊടുത്തു കൊണ്ടിരുന്നത് 50,000 രൂപയാണ്. ഇപ്പോൾ V.F.P.C.K. യുടെ പ്രവർത്തനം ഇല്ലാത്ത പ്രദേശത്തു ഗവൺമെന്റ് സഹായം കൊടുത്തുകൊണ്ടുള്ള കൃഷി നടക്കുന്നുണ്ട്. V.F.P.C.K. 11 ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്. ബാക്കി മൂന്നു ജില്ലകളിലേയ്ക്കാണ് സംഘങ്ങളുടെ പ്രവർത്തനം. കേന്ദ്ര സഹായത്തോടുകൂടി Horticorp പച്ചക്കറി കൃഷി നടത്തുന്നില്ല. Horticorp ഉണ്ടായതുതന്നെ പച്ചക്കറി കൃഷിക്കാർക്ക് ന്യായമായി കിട്ടേണ്ട വില കിട്ടാനും എന്നാൽ അത് ഉപയോഗിക്കുന്നവർക്ക് ന്യായമായ വിലയ്ക്ക് പച്ചക്കറി ലഭ്യമാക്കാനുമാണ് ബഡ്ജറ്റിൽ താരതമ്യേന സബ്സിഡി വളരെ കുറവാണെങ്കിലും സബ്സിഡി പോർഷൻ ചെറുതായി ചേർത്തിട്ടുണ്ട്. അതുകൊണ്ട് ചെറിയ തോതിൽ നടപടികളെടുക്കുകയാണ്.

ശ്രീ. എ. സുജനപാൽ : European Economic Community യുടെ ധനസഹായത്തോടുകൂടി 1990-കളിലാണെന്നു തോന്നുന്നു, കോഴിക്കോട്, വയനാട് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പച്ചക്കറി മാർക്കറ്റ് ഉണ്ടാക്കുകയുണ്ടായി. അതിന്റെ പ്രവർത്തനം ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. കോഴിക്കോട് വേങ്ങേരിയിൽ പ്രവർത്തിച്ചുവരുന്ന പച്ചക്കറി മാർക്കറ്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പ്രവൃത്തി പൂർത്തീകരിച്ചു. പക്ഷെ, അവിടെ പച്ചക്കറി കൃഷിക്കാരെ സഹായിക്കാൻ വേണ്ടിയുള്ള സംഭരണം കാര്യമായി നടക്കുന്നില്ല. അതുപോലെ അതിന്റെ മാർക്കറ്റിംഗ് നടത്താനുള്ള സംവിധാനങ്ങൾ വളരെ പരിമിതമാണ്. European Economic Community യുടെ ധനസഹായത്തോടുകൂടി നടത്തുന്ന ഇത്തരം മാർക്കറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? അതെല്ലാം കാര്യക്ഷമമായി പ്രവർത്തിപ്പിക്കാനുള്ള നടപടി ഗവണ്മെന്റ് സ്വീകരിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ഇതു രണ്ടും രണ്ടാണ്. യൂറോപ്യൻ സമൂഹത്തിന്റെ സഹായത്തോടുകൂടി വന്നിരിക്കുന്ന പച്ചക്കറി വിപണിയെ സംബന്ധിച്ചാണ് ചോദിച്ചിരിക്കുന്നത്. ചോദ്യം, പച്ചക്കറി സംഘങ്ങളെ സംബന്ധിച്ചുള്ളതാണ്. യൂറോപ്യൻ യൂണിയന്റെ സഹായത്താൽ സ്ഥാപിച്ച ആറ് പച്ചക്കറി വിപണികളുണ്ട്. മൂവാറ്റുപുഴ മാത്രമാണ് നേരത്തെ ഉത്ഘാടനം ചെയ്യാത്തത്. തീരാതിരുന്ന മറ്റ് വിപണികളുടെ പ്രവൃത്തികളെല്ലാം തീർത്ത് മൊത്തക്കച്ചവടക്കാർക്ക് കൊടുക്കാൻ സജ്ജമാക്കിയിട്ടുണ്ട്. തിരുവനന്തപുരം യൂണിറ്റ് മൊത്ത വിപണി കച്ചവടക്കാർക്ക് തുറന്നുകൊടുത്തു. മറ്റ് വിപണികൾ കൊടുക്കുന്നതിനുള്ള നടപടികൾ എടുത്തുവരികയാണ്. തിരുവനന്തപുരത്തുള്ള മുഴുവൻ സ്റ്റാളുകളും ഇതുവരെ വാടകയ്ക്ക് പോയിട്ടില്ല. നെടുമങ്ങാട് അടുത്ത് ഉത്ഘാടനം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. കോഴിക്കോട് ഇപ്പോൾതന്നെ ഏലത്തിന്റെ ലേലം നടക്കുന്നുണ്ട്. ഇതെല്ലാം ആളെ കണ്ടെത്തി ഏൽപ്പിച്ച് വേഗം തുറന്നുപ്രവർത്തിപ്പിക്കുന്നതിന് നടപടിയെടുക്കുന്നു.

ശ്രീ. പി. ജെ. ജോയി: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ Horticultural Development Corporation-ന്റെ പ്രവർത്തനം പ്രധാനമായും V.F.P.C.K. വഴിയുള്ള സ്റ്റാളുകളിലൂടെ പച്ചക്കറി വിൽപ്പന നടത്തുക എന്നതാണെന്ന് സൂചിപ്പിക്കുകയുണ്ടായി. V.F.P.C.K. ഉള്ളപ്പോൾ Horticultural Development Corporation-ന് മറ്റെന്തെങ്കിലും സംരംഭങ്ങൾ ഏറ്റെടുത്ത് നടത്താൻ കഴിയുമോ? ഇപ്പോൾ ഏതെങ്കിലും സംരംഭങ്ങൾ ആ നിലയിൽ ഏറ്റെടുക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : Horticorp-ന്റെ പണി V.F.P.C.K.-യുടെ സാധനം വിറ്റുകൊടുക്കലല്ല. ഞാൻ മുമ്പ് പറഞ്ഞതുപോലെ Horticorp-ഉം V.F.P.C.K.-യും രണ്ടു സ്ഥാപനങ്ങളാണ്. V.F.P.C.K.-ക്ക് പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവ കൃഷിക്കാരെ കൊണ്ട് Self Help Group വഴി ഉൽപ്പാദിപ്പിച്ച് അത് വിൽക്കുന്നതിനുവേണ്ടിയുള്ള നടപടികളും കാര്യങ്ങളുമുണ്ട്. European Union ന്റെ സഹായത്തോടു കൂടിയാണ് ഇത് ചെയ്യുന്നത്. ഇത് സംസ്ഥാനത്തിന്റെ കീഴിൽ പച്ചക്കറി കൃഷിക്കാർക്ക് ന്യായമായ വില കിട്ടാനും, അതുപോലെ തന്നെ കൃഷി സമയത്ത് മാർക്കറ്റിൽ ഇടപെട്ട് വാങ്ങാനും സാധാരണ ഉപയോഗിക്കുന്നവർക്ക് ന്യായവിലയ്ക്ക് അത് കിട്ടുന്നതിനുള്ള നടപടികളെടുക്കാനുമുള്ള സംവിധാനമാണ്. രണ്ടും രണ്ടാണ്. V.F.P.C.K. ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറി Horticorp-നെക്കൊണ്ട് എം.ഒ.യു. ഒപ്പുവപ്പിച്ച് വാങ്ങിക്കുന്നുണ്ട്.

ശ്രീ. പി. ജെ. ജോയി : ബഹുമാനപ്പെട്ട മന്ത്രി V. F. P. C. K.-യുടെ പ്രവർത്തനവും Horticulture Development Corporation-ന്റെ പ്രവർത്തനവും രണ്ടാണെന്ന് പറഞ്ഞു. ഞാൻ ചോദിച്ചത് Horticulture Development Corporation മറ്റെന്തെങ്കിലും സംരംഭങ്ങൾ നടത്തുന്നുണ്ടോയെന്നാണ്. തേനീച്ച വളർത്തൽ, വൃക്ഷ തൈകൾ വിതരണം ചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly

നടപടികൾ ഇതെല്ലാം നടത്തുന്നുണ്ടെന്ന് മനസ്സിലാക്കുന്നു. അതിന് പുറമേ എന്തെങ്കിലും സംരംഭങ്ങൾ ഉണ്ടോ; തേനീച്ച വളർത്തലും, വൃക്ഷ തൈകൾ നൽകലും കുറേക്കൂടി കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : Horticulture Development Corporation -ന് ലഭിക്കുന്ന സബ്സിഡി പ്രൊവിഷൻ കൊണ്ട് ശരിയായി നടക്കാത്തതിനാൽ ഇതര പ്രവൃത്തികൾ ചെയ്യുന്നതിന് പ്രയാസമുണ്ട്. ഇക്കൊല്ലം 5 ലക്ഷമാണ് സബ്സിഡി തുക. ഓണക്കച്ചവട ത്തോടെ അത് തീർന്നു, കടവുമായി. ഇന്ന് വൃക്ഷ തൈകളും വിത്തുകളും മറ്റും കൊടുക്കുന്നുണ്ട്. സ്ത്രീകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള സംരംഭമായി തേനീച്ച വളർത്തൽ നടക്കുന്നു. കുറേ നല്ല നിലയിൽ അത് നടക്കുന്നുണ്ട്. സീസണിൽ സാധാരണ കൃഷിക്കാർക്ക് 5,000 രൂപയുടെ തേൻ ഒരു മാസത്തിൽ കിട്ടുന്ന വിധത്തിലുള്ള നടപടികൾ എടുത്തുവരുന്നുണ്ട്. പ്രത്യേകിച്ച് ഇന്നത്തെ നിലയിൽ റബ്ബർ തോട്ടങ്ങളിൽ തേനീച്ച വളർത്തൽ ലാഭകരമാണ്. അതു ഉപയോഗിക്കുന്നു. കേന്ദ്ര സഹായം വാങ്ങിയാണ് നടത്തുന്നത്.

ശ്രീ. അടൂർ പ്രകാശ് : സർ, പച്ചക്കറി ഇന്നും നമ്മുടെ സംസ്ഥാനത്ത് ആവശ്യമായി വരുമ്പോൾ തമിഴ്നാട്, കർണ്ണാടക പോലുള്ള സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുകയാണ്. പച്ചക്കറി ഉൽപ്പാദന രംഗത്ത് സ്വയം പര്യാപ്തതയിൽ എത്തുന്നതിനുവേണ്ടി അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : അതിന്റെ ഭാഗമായിട്ടാണ് V. F. P. C. K. ഉണ്ടാക്കിയതും അത് പതിനൊന്ന് ജില്ലകളിൽ പ്രവർത്തനം നടത്തുന്നതും എന്നുപറഞ്ഞു. പച്ചക്കറി കൃഷി വികസിപ്പിച്ച് സ്വയം പര്യാപ്തതയിലേയ്ക്ക് എത്തണമെന്നുള്ള നിലയിലാണ് ഈ പ്രോജക്റ്റ് തുടങ്ങിയിരിക്കുന്നത്. പഴയകാലത്തേക്കാളും 16000 ടൺ പച്ചക്കറി ഈ കൊല്ലം കൂടുതലായി അവർ ഉൽപ്പാദിപ്പിച്ച് കൊടുത്തതാണ്. പലയിടത്തും കൂടുതൽ കൂടുതൽ ഉൽപ്പാദിപ്പിച്ചുകൊണ്ട് സ്വയം പര്യാപ്തതയിൽ എത്തുന്ന വിധത്തിലുള്ള നടപടികളാണ് സ്വീകരിക്കുന്നത്. സ്വയം പര്യാപ്തതയിൽ എത്താൻ പ്രൊഡക്റ്റിവിറ്റി വർദ്ധിപ്പിക്കുവാനുള്ള പുതിയ എക്കോളജി പരിശീലിപ്പിക്കേണ്ടി വരും.

ശ്രീ. അടൂർ പ്രകാശ് : നമ്മുടെ സംസ്ഥാനത്ത് നിരവധി മേഖലകളിൽ തരിശ്ശായ ഭൂമി കിടപ്പുണ്ട്. നെൽകൃഷി നഷ്ടമാണെന്നതുകൊണ്ട് പല മേഖലകളിലും നെൽകൃഷി കാര്യമായി നടക്കുന്നില്ല. എന്റെ പ്രദേശത്താണെങ്കിൽ വന മേഖലകളുമായി ബന്ധപ്പെട്ട് ഇത്തരം ഭൂമി തരിശ്ശായിട്ട് കിടപ്പുണ്ട്. മാത്രമല്ല, 100-150 ഏക്കർ വെറുതേ കിടക്കുന്ന അവസരത്തിൽ ആളുകൾ കയ്യേറുന്നുണ്ട്. ഇത്തരം തരിശ്ശായി കിടക്കുന്ന ഭൂമികളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് സ്വയം സഹായ സംഘങ്ങൾ, കുടുംബശ്രീ, വന സംരക്ഷണ സമിതി ഒക്കെ രൂപീകരിച്ചിട്ടുണ്ട്. ഇത്തരം സ്വയം സഹായ സംഘങ്ങളെയും വന സംരക്ഷണ സമിതിയെയും ഒക്കെ ചുമതലപ്പെടുത്തി ഈ തരിശ്ശായി കിടക്കുന്ന ഭൂമിയിൽ പച്ചക്കറി കൃഷി നടത്തുന്നതിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിക്കുന്നതിന് വനം വകുപ്പുമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും കൂട്ടായി ആലോചിച്ചുകൊണ്ട് തീരുമാനം എടുത്താൽ അതിന് ചില നടപടികൾ സ്വീകരിക്കുവാൻ കഴിയും. അത്തരം നടപടിയിലേയ്ക്ക് പോകുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : തരിശ്ശായി കിടക്കുന്ന ഭൂമിയിൽ കൃഷി ചെയ്യുന്നതിനുവേണ്ടി ഗവൺമെന്റ് നടപടി എടുത്തിട്ടുണ്ട്. സ്റ്റേറ്റ് ഗവൺമെന്റിന്റെ കീഴിലും ജില്ലാ കൗൺസിലുകൾക്ക് വിട്ടുകൊടുത്ത ഫാമുകളിലും എല്ലാം പുതിയതായി കൃഷി

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാതെ കിടക്കുന്ന സ്ഥലങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനുവേണ്ടി നടപടികൾ എടുക്കുന്നുണ്ട്. പച്ചക്കറി കൃഷിക്ക് തരിശ്ശായിട്ട് കിടക്കുന്ന വനഭൂമി അല്ലെങ്കിൽ റവന്യൂ ഭൂമി കിട്ടുകയെന്നത് വളരെ പ്രയാസമാണ്. ശ്രമിച്ചു നോക്കാം. ആദിവാസികൾക്ക് ഭൂമി കൊടുക്കുന്നതിന് വനഭൂമിയും റവന്യൂഭൂമിയും ഒക്കെയുണ്ടെന്ന് പറയുന്ന പ്രദേശത്ത് വിട്ടുകിട്ടുന്നില്ല. ഇപ്പോഴും തെരച്ചിലാണ്. കയ്യേറ്റക്കാർക്ക് ഭൂമിയുണ്ട്. ആദിവാസികൾക്ക് കൊടുക്കുവാൻ പ്ലാന്റേഷൻ കോർപ്പറേഷന്റെ ഭൂമിയാണ് എടുത്തത്. ഏതായാലും ഭൂമി ലഭ്യമായാൽ കൃഷി ചെയ്യുവാൻ കൃഷിക്കാർ തയ്യാറാണ്. പഴയതിനെക്കാൾ വ്യത്യസ്തമായ സ്ഥിതിവിശേഷം ഇന്ന് വന്നിട്ടുണ്ട്. പ്രത്യേകിച്ച് സ്ത്രീകളുടെ ഇടയിൽ. കൃഷി ചെയ്യുന്നതിന് സ്ഥലം കിട്ടുമോ എന്നത് കൂട്ടായി നോക്കാം.

ശ്രീ. എം. മുരളി : സർ, പച്ചക്കറി കൃഷിയുടെ കാര്യത്തിൽ ഒരു നിത്യോപയോഗ സാധനം എന്ന നിലയിൽ നമ്മൾ ഇപ്പോഴും സ്വയം പര്യാപ്തതയിൽ എത്തിയിട്ടില്ല. ഇപ്പോൾ 1013 സ്വയം സഹകരണ സംഘങ്ങളാണ് പ്രവർത്തിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഒരു വാർഡിൽ ഒരു സ്വയം സഹകരണ സംഘം വച്ച് 12000 സ്വയം സഹകരണ സംഘങ്ങൾ ഈ കോർപ്പറേഷന്റെ നേതൃത്വത്തിൽ രൂപീകരിച്ചുകൊണ്ട് പച്ചക്കറി ഉൽപ്പാദനത്തിന്റെ കാര്യത്തിൽ മറ്റ് സംസ്ഥാനത്തെ ആശ്രയിക്കേണ്ടത് അവസാനിപ്പിക്കുവാൻ, സ്വയം പര്യാപ്തതയിൽ എത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ; അതോടൊപ്പം കർണ്ണാടകയിലുള്ളതുപോലെ, ഏറ്റവും കുറഞ്ഞത് നിയോജകമണ്ഡലങ്ങളെ കേന്ദ്രമാക്കിയെങ്കിലും പബ്ലിക് പ്ലേയ്സ് തെരഞ്ഞെടുത്തുകൊണ്ട് വെജിറ്റബിൾ മാർക്കറ്റ്സ് ഉണ്ടാക്കിയാൽ സാധാരണ ജനങ്ങൾക്കും പാവപ്പെട്ട ജനങ്ങൾക്കും ന്യായവിലയ്ക്ക് ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറി കൊടുക്കുവാൻ കഴിയും. അതിനെക്കുറിച്ച് കോർപ്പറേഷന്റെ പ്രവർത്തന പരിപാടി ആവിഷ്ക്കരിക്കുവാൻ ഗവൺമെന്റ് മുൻകയ്യെടുക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : 1013 സഹകരണ സംഘങ്ങളിൽ തിരുവനന്തപുരം, കോട്ടയം, എറണാകുളം എന്നീ മൂന്ന് ജില്ലകളിലെ സംഘങ്ങളിൽ നിന്നേ പച്ചക്കറി ഹോർട്ടികോർപ്പ് എടുക്കുന്നുള്ളൂ. അതുകൊണ്ടാണ് 1013 എന്ന് പറഞ്ഞത്. ഇപ്പോൾ 2386 സംഘങ്ങൾ V.F.P.C.K. യുടെ കീഴിലുണ്ട്. Self Help Groups ആയി അവ വർക്ക് ചെയ്യുന്നു. അവയുടെ പ്രവർത്തനം മറ്റ് ജില്ലകളിലേയ്ക്കുംകൂടി വ്യാപിപ്പിക്കുന്നുണ്ട്. കൊല്ലം, ആലപ്പുഴ, ഇടുക്കി, പത്തനംതിട്ട ജില്ലകളിലേയ്ക്കും പടിപടിയായി വ്യാപിപ്പിക്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാണ്. വിപണിയുടെ കാര്യം പറഞ്ഞു. ഇവർക്ക് തന്നെ വിപണിയുണ്ട്. Self Help Group കാർ പച്ചക്കറി ഉൽപ്പാദിപ്പിക്കുന്നത് വിപണനം ചെയ്യുവാൻ 124 ചെറിയ വിപണികൾ അവർക്കുണ്ട്. ആ വിപണികളിൽ കൊണ്ടുവന്നിട്ട് അവർതന്നെ സ്വയം ലേലം ചെയ്ത് വിൽക്കുന്നുണ്ട്. അതാണ് പച്ചക്കറി ഉൽപ്പാദിപ്പിക്കുക മാത്രമല്ല അവർക്ക് വില കിട്ടാനുള്ള നടപടികൾകൂടി മാർക്കറ്റുമായി ബന്ധപ്പെട്ട് നടത്തുന്നുണ്ട്.

ശ്രീ. എം. മുരളി : E. E. C. യുടെ യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ സഹായം ഏറെ കൊട്ടിഘോഷിക്കപ്പെടുന്നതാണ്. പച്ചക്കറിയുടെയും അനുബന്ധ കൃഷികളുടേയും കാര്യത്തിൽ ഒരു പ്രതിഫലനവും കേരളത്തിൽ ഉണ്ടായിട്ടില്ല. E.E. C. ഉൾപ്പെടെ ലോക സംഘടനകളുടേയും കേന്ദ്ര ഗവൺമെന്റിന്റേയും എന്ത് സാമ്പത്തിക സഹായം, പച്ചക്കറിയുടെ കാര്യത്തിൽ Horticulture Development Corporation-നാകട്ടെ, മറ്റ് ഏജൻസികൾക്കാകട്ടെ കിട്ടുന്നുണ്ട്? ഇത് എത്രമാത്രം പ്രയോജനപ്പെടുത്തി എന്ന് ഗവൺമെന്റിന് വിലയിരുത്താൻ സാധിച്ചിട്ടുണ്ടോ ? പച്ചക്കറി മാത്രമല്ല, അലങ്കാരപൂകൃഷി ഉൾപ്പെടെ എക്സ്പോർട്സിന് പ്രയോജനപ്പെടുന്ന നിലയിൽ കോർപ്പറേഷന്റെ പ്രവർത്തനവും മറ്റ് ഏജൻസികളുടെ പ്രവർത്തനവും ഇതുപോലെ മാറ്റുന്നതിനെക്കുറിച്ച് ഗവൺമെൻറ് ചിന്തിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരിയമ്മ : ശ്രീ. മുരളി പറഞ്ഞതിനോട് ഞാൻ യോജിക്കുന്നില്ല. ആലപ്പുഴ ജില്ലയിൽ കഴിഞ്ഞ കൊല്ലമാണ് വ്യാപിപ്പിച്ചത്. ശ്രീ. മുരളിയുടെ സ്ഥലമായ മാവേലിക്കരയിൽ തുടങ്ങി കാണുകയില്ല. അതാണ് ഒരു പ്രതിഫലനവും ഉണ്ടായില്ല എന്നുപറയുവാൻ കാരണം. ഈ കൊല്ലമേ തുടങ്ങുകയുള്ളൂ. പ്രതിഫലനമുണ്ട്. മുരളി ഓണാട്ടുകരയിൽ നോക്കി നടത്തുന്നതുപോലെ ഇതും നോക്കി സഹായിക്കുക. സബ്സിഡി ഇല്ലാതെ ലോൺ കൊണ്ട് കൃഷിക്കാർ സ്വയം കൃഷി നടത്തുന്നു. ആലപ്പുഴയിൽ കുറച്ച് സംഘങ്ങളേ ഉണ്ടായിട്ടുള്ളൂ. ബാക്കിയുള്ള സംഘങ്ങൾ മാവേലിക്കരയിലേയ്ക്ക് വരുമ്പോൾ മുരളിയുടെ കൂടെ സഹായം കൊടുത്താൽ മതി. വേഗം ആ സ്ഥലം എടുക്കുന്നതിന് നടപടി ഉണ്ടാക്കാം. ആ വിധത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും ഇപ്പോൾതന്നെ Agri Export Zone സ്ഥാപിച്ചിട്ടുണ്ട്. Fruits ഗുണമേൻമയുള്ളവയും വില താങ്ങാൻ സാധിക്കുന്നതുമാണെങ്കിൽ Ethnic vegetables കയറ്റി അയയ്ക്കാം. കയറ്റുമതിക്കുവേണ്ടി നടപടികൾ എടുക്കുന്നതിന് ഇന്ന് ധാരണയായിട്ടുണ്ട്. Agri Export Zone സ്ഥാപിതമായതിന്റെ അടിസ്ഥാനത്തിൽ എക്സ്പോർട്ടേഴ്സിനെ വിളിച്ചുകൂട്ടി പച്ചക്കറികൾ കയറ്റി അയയ്ക്കുവാൻ വേണ്ടി നടപടികൾ എടുക്കുന്നുണ്ട്. ഇന്ന് V.F.P.C.K. എക്സ്പോർട്ടേഴ്സിന്റെ കോൺഫറൻസ് വിളിച്ചിട്ടുണ്ട്. ഈ കോൺഫറൻസിൽ V.F.P.C.K. ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ കയറ്റി അയയ്ക്കുന്നതിനു വേണ്ടിയുള്ള എല്ലാ സംരംഭങ്ങളും ചർച്ച ചെയ്ത് കഴിയുമെങ്കിൽ എഗ്രിമെന്റ് ആകാൻ നോക്കും. അതിന് കേന്ദ്ര ഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും സഹായമുണ്ടാകും. ഈ ബഡ്ജറ്റിൽ അതിന് പ്രൊവിഷൻ കൊടുത്തിട്ടുണ്ട്. നടപടികൾ എടുത്തുവരുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, പച്ചക്കറി ഉൽപ്പാദനരംഗത്ത് സ്വയം പര്യാപ്തത നേടുന്നതിനായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഹരിത സംഘങ്ങൾ രൂപീകരിക്കുകയും ഓരോ ഹരിത സംഘത്തിനും രണ്ടു ഹെക്ടർ ഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി 50,000 രൂപ സംസ്ഥാന സർക്കാർ സബ്സിഡിയായി നൽകുകയും ചെയ്തു. അതിന്റെ ഫലമായി ധാരാളം സംഘങ്ങൾ രൂപീകൃതമാകുകയും പച്ചക്കറി ഉൽപ്പാദന രംഗത്ത് വമ്പിച്ച മുന്നേറ്റം നമുക്ക് നേടാൻ കഴിയുകയും ചെയ്തു. എന്തുകൊണ്ടാണ് അത്തരം ഹരിത സംഘങ്ങളെ നിർത്തലാക്കാൻ തീരുമാനിച്ചത്; എക്സ്പോർട്ട് സോണുകൾ ആരംഭിച്ച് അതിലേയക്ക് ഇത് മാറ്റിയതിന്റെ ഫലമായിട്ടാണോ; എന്തുകൊണ്ടാണ് പച്ചക്കറി ഉൽപ്പാദനരംഗത്തു നിന്ന് ഈ സംഘങ്ങളെ പിൻവലിപ്പിക്കാൻ, നിർത്തലാക്കാൻ ഗവൺമെന്റ് തീരുമാനിച്ചത് എന്ന കാര്യം വ്യക്തമാക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, V.F.P.C.K. യുടെ പ്രവർത്തനമുള്ള ജില്ലയിൽ ഹരിത സംഘങ്ങളുടെ ആവശ്യമില്ല. രണ്ടു ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യാൻ 50,000 രൂപ സംസ്ഥാന ഗവൺമെന്റ് കൊടുക്കുകയാണ്. അതുകൊണ്ട് വലിയ പ്രയോജനം കണ്ടില്ല. സംഘങ്ങൾ ധാരാളമുണ്ടാക്കി പണം വാങ്ങി. അതു നോക്കാൻ ആളില്ലാതെയും ഉൽപ്പാദനം ഉണ്ടാക്കാതെയും ഗവൺമെന്റിന്റെ പണം വൃഥാ അനേകം കേസുകളിൽ നഷ്ടപ്പെട്ടു. നിങ്ങളുടെ കാലത്ത് തുടങ്ങിയതാണ് V.F.P.C.K. അതിന് പ്രതിഫലനമുണ്ട്. V.F.P.C.K. സംഘങ്ങൾ സ്ത്രീകളുടെയും പുരുഷൻമാരുടേയും ഉണ്ട്. നിങ്ങളുടെ കാലത്തുള്ള V.F.P.C.K. പ്രവർത്തനം മോശമാണെന്നു ഞാൻ പറയുന്നില്ല. അതിന് സബ്സിഡി പോർഷൻ ഇല്ല. ലോണാണ് സംഘടിപ്പിച്ചു കൊടുത്തിരിക്കുന്നത്. Self Help Group ആണ്. സ്വന്തം പണം മുടക്കുകയാണ്. ഹരിത സംഘങ്ങൾക്ക് സബ്സിഡിയായി 50,000 രൂപയാണ് കൊടുക്കുന്നത്.

നോക്കാൻ ആരും ഇല്ല, ആർക്കും ഉത്തരവാദിത്വവുമില്ല. രൂപ നഷ്ടപ്പെട്ടു പോകുകയാണ്. ചില സ്ഥലത്തൊക്കെ കാര്യങ്ങൾ നടന്നിട്ടുണ്ട്. മുഴുവൻ ഇല്ല എന്നുള്ളതല്ല പറയുന്നത്. പക്ഷേ റിസൽട്ട് മോശമായിരുന്നു. പൈസയില്ലാത്ത ഒരു ഗവൺമെന്റ്, അനാവശ്യമായിട്ട് ധൂർത്തടിക്കാൻ പണമില്ലാത്തതുകൊണ്ട് അതു നിർത്തി. ഫലപ്രദമായ വിധത്തിൽ commitment ഉള്ള കൃഷിക്കാരൻ കൃഷി ചെയ്യുന്നു. ഈ കൊല്ലം അവർക്ക് ഇന്ററസ്റ്റ് സബ്സിഡി കൊടുക്കാമോ എന്നുള്ള കാര്യം ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. 50,000 രൂപ കൊടുക്കുന്നത് ഞാനാണ് വേണ്ടെന്നു വച്ചത്. പണം ധൂർത്തടിക്കാൻ ഇല്ലാത്തതുകൊണ്ടാണ് നിർത്തിവച്ചത്.

ശ്രീ. എ. കെ. മണി: സർ, പച്ചക്കറി ഉൽപ്പാദനമേഖലയിൽ ഏറ്റവും കൂടുതൽ പച്ചക്കറി ഉൽപ്പാദിപ്പിക്കുന്നത് എന്റെ മണ്ഡലത്തിൽപ്പെട്ട വട്ടവട, കുന്തളളൂർ, മൂന്നാർ എന്നീ പ്രദേശങ്ങളിലാണ്. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ മുഴുവൻ മധുരയിൽ പോകുകയാണ്. മധുരയിൽ പോയിട്ട് അവിടെ നിന്ന് വീണ്ടും എറണാകുളത്തും മധുരയിൽ നിന്ന് നാഗർകോവിൽ വഴി തിരുവനന്തപുരത്തും എത്തുകയാണ്. നമ്മുടെ നാട്ടിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന സാധനം തമിഴ്നാട്ടിൽ കൊണ്ടുപോകുകയും കൂടുതൽ വില കൊടുത്ത് നമ്മൾ വാങ്ങിക്കേണ്ട സാഹചര്യവുമാണ് ഇന്നുള്ളത്. പച്ചക്കറി കൃഷി ചെയ്തുകൊണ്ടിരിക്കുന്ന ഭൂമിയെല്ലാം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. പച്ചക്കറിക്ക് ലാഭം കിട്ടാത്തതുകൊണ്ട് കൃഷിക്കാരെല്ലാവരും മരം വച്ച് പിടിപ്പിക്കുന്ന സാഹചര്യമുണ്ടായി. ഇതിൽ നിന്ന് കൃഷിക്കാരനെ രക്ഷപ്പെടുത്താൻ വേണ്ടി ധാരാളം സ്കീമുകൾ പ്രഖ്യാപിക്കുകയും നടപ്പിലാക്കിക്കൊണ്ടിരിക്കുകയുമാണ്. പച്ചക്കറി സംഭരണം ചെയ്യാൻ അവിടെ ഗോഡൗൺ ഉണ്ട്, അതിന്റെ പ്രവർത്തനം ഇല്ലാത്ത രീതിയിലാണ്. കൃഷിക്കാരനിൽ നിന്ന് പച്ചക്കറി നേരിട്ട് വാങ്ങിക്കാൻ വേണ്ടിയുള്ള സാഹചര്യമുണ്ടാക്കുകയും നമ്മുടെ രാജ്യത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന സാധനം നമ്മുടെ നാട്ടിൽ വിറ്റഴിക്കാൻ വേണ്ടിയുള്ള നടപടി സ്വീകരിക്കാനും ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീമതി കെ.ആർ. ഗൗരിയമ്മ: സർ, ഈ കൊല്ലമാണ് ഇടുക്കിയിൽ V. F. P. C. K-യുടെ പ്രവർത്തനം വ്യാപിപ്പിച്ചത്. തേയിലയ്ക്ക് വന്ന വിലക്കുറവുകൊണ്ട് ഇടുക്കി ജില്ലയിലെ സാധാരണ തോട്ടം തൊഴിലാളികളായിരുന്നവരും പച്ചക്കറി കൃഷി തുടങ്ങിയിട്ടുണ്ട്. അവരെ സഹായിക്കുന്നതിനുവേണ്ടിയാണ് V. F. P. C. K.-യുടെ പ്രവർത്തനം ഇക്കൊല്ലം ആരംഭിച്ചത്. അവിടെ നിന്ന് ആ സംഘങ്ങളുടെ പ്രവർത്തനം നടത്തി പച്ചക്കറി സംഭരിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ എടുക്കുന്നതാണ്.

ഡോ. തോമസ് ഐസക്: സർ, 1013 സംഘങ്ങളിൽ നിന്ന് 16,000 ടൺ പച്ചക്കറിയാണ് Horticulture Development Corporation സംഭരിക്കുന്നതെന്നു പറഞ്ഞു. ഇതിനു പുറമേ 2,000-ത്തിൽപ്പരം സംഘങ്ങൾ കൂടിയുണ്ട്. എന്നാൽ കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ, പുരുഷൻമാർ നടത്തുന്ന സ്വയം സഹായസഹകരണ സംഘങ്ങൾ തുടങ്ങി പച്ചക്കറി കൃഷിയിൽ ബന്ധപ്പെടുന്നവർ ഏറ്റവും ചുരുങ്ങിയത് 30,000 എണ്ണമെങ്കിലും വരും. വേനൽക്കാലത്ത് ഇവരുടെ എണ്ണം പല മടങ്ങ് വർദ്ധിക്കുന്നതിനാണ് സാധ്യത. ഈ പശ്ചാത്തലത്തിൽ വർദ്ധിച്ച ഉൽപ്പാദനത്തിന് വിപണനം പ്രശ്നമായിത്തീരും. സ്വയം സഹായസംഘങ്ങളുടെ പച്ചക്കറി വിപണനത്തിന് എന്തു സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്, അത് Horticulture Development Corporation-ന്റെ കീഴിൽ തന്നെയാണോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, Horticorp കൃഷിക്കാരുമായി ബന്ധപ്പെട്ട്, V. F. P. C. K.-യുമായി ബന്ധപ്പെട്ട് അവരിൽ നിന്ന് പച്ചക്കറി വാങ്ങിക്കുന്നതിനുള്ള സംവിധാനം കഴിഞ്ഞ മൂന്നു-നാലു മാസത്തിനു മുമ്പാണ് ഒപ്പിടീച്ചത്. പുറത്തുനിന്നും വാങ്ങിക്കുന്നുണ്ട്. ശ്രീ. തോമസ് ഐസക് പറഞ്ഞത് മാരാരിക്കുളത്തെ കാര്യമായിരിക്കും. ആലപ്പുഴ ജില്ലയെയും V. F. P. C. K.-യുമായി ബന്ധപ്പെടുത്തിയിട്ടുണ്ട്. അവിടെ വരുമ്പോൾ ഈ സംഘവുമായി ബന്ധപ്പെടുത്തിയാൽ അവിടെ നിന്ന് വാങ്ങാം. അല്ലാതെ കാണുന്ന ഓരോ പച്ചക്കറിക്കാരോടും വാങ്ങാൻ Horticorp-ന് ബുദ്ധിമുട്ടുണ്ടാകും. നിങ്ങൾ അവിടെ പ്രത്യേകമായി ഒരു സംവിധാനം ഉണ്ടാക്കിയിട്ടുണ്ടെന്ന് ഞാൻ അറിഞ്ഞു. അവർക്ക് അവരുടേതായിട്ടുള്ള വിപണിയുണ്ടാക്കി അറിയിച്ചാൽ Horticorp - നെ വിവരമറിയിക്കാം. വിപണി മാർക്കറ്റുമായി ബന്ധപ്പെടണമെന്നു പറഞ്ഞാൽ Horticorp-മായി ബന്ധപ്പെടുത്താം. വിപണി ഉണ്ടാക്കണം. എങ്കിലേ അതിനു സാധിക്കുകയുള്ളൂ. അല്ലാതെ ഓരോരുത്തരോടും വാങ്ങിക്കാൻ കഴിയില്ല.

ശ്രീ. എ. എൻ. രാജൻ ബാബു: സർ, Horticulture Development Corporation-ന്റെ പച്ചക്കറി സംഭരണം കാര്യക്ഷമമായി നടക്കുന്നുണ്ടോ; മാർക്കറ്റ് റേറ്റിനേക്കാൾ കുറഞ്ഞ റേറ്റിൽ കൊടുക്കാൻ സാധിക്കുന്നുണ്ടോ; അവർക്ക് ബഡ്ജറ്ററി അസിസ്റ്റൻസ് കൂടുതൽ കൊടുത്ത് സഹായിക്കുന്നുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, ഞാൻ ഈ അടുത്ത കാലത്ത് ഇടുക്കിയിൽ ചെന്നപ്പോൾ കണ്ടത്, കൊച്ചുകുട്ടികൾ വരെ കാരറ്റും പറിച്ചുകൊണ്ടുവന്ന് വിൽക്കാനിരിക്കുന്നതാണ്. അവർ എന്തു വിലയ്ക്ക് വിൽക്കുന്നു എന്ന് അറിഞ്ഞുകൂടാ. Distress Sales പലയിടത്തും കാണും. പക്ഷേ പൊതുവേ കടകളിൽ കിട്ടുന്നതിനേക്കാൾ കുറഞ്ഞ വിലയ്ക്കാണ് കൊടുക്കുന്നത്. നമുക്ക് പണത്തിന് ബുദ്ധിമുട്ടുണ്ട്. വില പകുതിയാക്കി കൊടുക്കണമെന്ന് ഗവൺമെന്റിന് ആഗ്രഹമുണ്ട്. അതിനുള്ള സാമ്പത്തിക സ്ഥിതി ഇല്ലാത്തതുകൊണ്ടാണ്. വളരെ കുറച്ചു പണമാണ് ബഡ്ജറ്റിൽ സബ്സിഡിയായിട്ട് കൊള്ളിച്ചിരിക്കുന്നത്. അതനുസരിച്ച് പച്ചക്കറി വാങ്ങിക്കുന്നുണ്ട്, വിൽക്കുന്നുണ്ട്. അതിന് ഒരു കുറവും വരുത്തിയിട്ടില്ല. ഇന്നത്തെ നിലയിൽ അത് നല്ലപോലെ നടക്കുന്നുണ്ട്. നഷ്ടം അധികമില്ലാത്ത വിധത്തിൽ പോകുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട രാജേന്ദ്രന്റെ ചോദ്യത്തിന്റെ തുടർച്ചയാണ് എന്റെ ചോദ്യം. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കേരളം ഭരിക്കുമ്പോൾ അക്ഷരാർത്ഥത്തിൽ പാലക്കാട് ജില്ല പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തതയിലേയ്ക്ക് ആയിരുന്നു. തമിഴ്നാട്ടിൽ നിന്നു പച്ചക്കറി സാധനങ്ങൾ വരേണ്ട സ്ഥിതി ഉണ്ടായിരുന്നില്ല. അതിനുള്ള പ്രധാനപ്പെട്ട കാരണം, ഹരിത സംഘങ്ങൾക്ക് കൊടുത്തിട്ടുള്ള 50,000 മുതൽ ഒരു ലക്ഷം രൂപ വരെയുള്ള സബ്സിഡിയായിരുന്നു. വ്യാപകമായി പച്ചക്കറി കൃഷി വികസിപ്പിച്ച് ആവശ്യം പോലെ പച്ചക്കറി ലഭ്യമാക്കിയിരുന്നു. ആ സബ്സിഡി നിർത്തലാക്കിയതാണ് യഥാർത്ഥത്തിൽ പച്ചക്കറി കുറയാനുള്ള കാരണം. നിർബന്ധമായും സബ്സിഡി പുനഃസ്ഥാപിക്കണം. സബ്സിഡി നിർത്തലാക്കിയതുവഴി തകർച്ചയെ നേരിടുന്ന ഹരിത സംഘങ്ങളുടെ പ്രവർത്തനത്തെ സഹായിക്കാൻ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ബയോ ടെക്നോളജിക്കുള്ള ഫണ്ടുപയോഗിച്ച് ടിഷ്യൂ കൾച്ചർ വികസിപ്പിച്ച് ഈ പ്രവർത്തനത്തെ കാര്യക്ഷമമാക്കാൻ പറ്റുമോ? ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ബയോ ടെക്നോളജിക്ക് നീക്കിവച്ച ഫണ്ട് ഉപയോഗപ്പെടുത്തിയാൽ മതി. അവർ ഇപ്പോൾ പ്രത്യേകിച്ച് ഒന്നും ചെയ്യുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ആ വഴിയിലേക്ക് തിരിയുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, ശ്രീ. എ. കെ. ബാലൻ വണ്ടി നേരെ വിടും. സൈഡിൽ നിന്നും വണ്ടി വന്ന് ഇടിച്ചാൽ കാണുകയില്ല. അതാണ് പ്രശ്നം. പാലക്കാട് ജില്ലയിൽ വരൾച്ചയാണ്. വരൾച്ചയായതുകൊണ്ട് പച്ചക്കറി ഉണ്ടാകുമോ? അവിടെ ഒരു തുള്ളി വെള്ളമില്ല. അവിടെ ഇപ്പോൾ പച്ചക്കറിയില്ലാത്തത് വരൾച്ചയായതുകൊണ്ടാണ്. കഴിഞ്ഞ കൊല്ലം നിങ്ങളുടെ ഒരു പഞ്ചായത്തിൽ റ്റൊമാറ്റോ അര രൂപയ്ക്കാണ് വിറ്റുകൊണ്ടിരുന്നത്. അതുകൊണ്ടാണ് അവിടെ റ്റൊമാറ്റോ ഉൽപ്പാദിപ്പിക്കുന്നതിന് ചെറിയൊരു ഫാക്ടറി തുടങ്ങാൻ തീരുമാനം എടുത്തത്. അതിന്റെ പ്രവർത്തനം നടക്കുന്നുണ്ട്. പ്രത്യേകിച്ച് പാലക്കാട് ജില്ലയിൽ ഇവിടെ നിന്നും പച്ചക്കറി കൊണ്ടുപോയി കൊടുക്കേണ്ട കാര്യമില്ലായിരുന്നു. ഈ പ്രാവശ്യം കൊടുക്കേണ്ടി വരും. വരൾച്ചയാണ് അതിനു കാരണം. അല്ലാതെ തരാതരം പോലെ പറയുന്നത് ശരിയല്ല. Horticorp-ന്റെ പ്രവർത്തന മേഖലയിൽ നിന്നും പാലക്കാടിനെ 2002-ൽ വിടർത്തി. അവിടെ പച്ചക്കറി ആവശ്യത്തിന് ഉൽപ്പാദനം നടത്തുന്നതിനാൽ പ്രത്യേകിച്ച് ഗവൺമെന്റിന്റെ സഹായം ആവശ്യമില്ലാതെ വന്നു.

ശ്രീ. കെ. ബാബു: സർ, ഓർഗാനിക് ഉല്പന്നങ്ങൾക്ക് പ്രിയമേറിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. അതുകൊണ്ട് organic vegetables ഉല്പാദിപ്പിക്കാൻ കൃഷി വകുപ്പിന് പ്രത്യേകമായി എന്തെങ്കിലും പരിപാടികളുണ്ടോ എന്നും ഇതിന് കേന്ദ്രഗവൺമെന്റിന്റെ എന്തെങ്കിലും സഹായ പദ്ധതികളുണ്ടായെന്നും വ്യക്തമാക്കാമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ഗവൺമെന്റ് പച്ചക്കറിക്കു മാത്രമല്ല, മറ്റു വിധത്തിലുള്ള organic agriculture-നുവേണ്ടിയുള്ള നടപടികളും എടുക്കുന്നുണ്ട്. അതിനിപ്പോൾ കേന്ദ്രഗവൺമെന്റിന്റെ സബ്സിഡിയുണ്ടോയെന്ന് എനിക്ക് പറയാൻ പറ്റില്ല. നോട്ടീസ് വേണം. ഏതായാലും ഗവൺമെന്റ് അതൊരു സ്കീമായെടുത്തിട്ടുണ്ട്. അതിന് ബഡ്ജറ്റിൽ പ്രൊവിഷനുണ്ട്, ആ വിധത്തിൽ organic agriculture -നും vegetable cultivation-നും മറ്റും ആവശ്യമായിട്ടുള്ള നടപടികളെടുക്കുന്നു.

ശ്രീ. ബിനോയ് വിശ്വം: സർ, വളരെ നല്ല ലക്ഷ്യത്തോടുകൂടിയാണ് Horticorp ആരംഭിച്ചത്. ആ ലക്ഷ്യങ്ങളെല്ലാം വളരെ മഹത്തരങ്ങളാണ്. ഞങ്ങളെന്നും നിങ്ങളെന്നും പറയാതെ നമുക്ക് നോക്കിയാൽ കാണാൻ കഴിയും, തീർച്ചയായും ലക്ഷ്യങ്ങൾ ദൂരെയാണ്, യാഥാർത്ഥ്യം വളരെ പുറകിലും ആണെന്ന്. ഇപ്പോൾ നമുക്ക് കിട്ടുന്നത് തമിഴ്നാട്ടിൽ നിന്നുമുള്ള വിഷമുള്ള പച്ചക്കറിയാണ്. അതു വാങ്ങാൻ പോകുന്ന Horticorp-ൽ ഉദ്യോഗസ്ഥന്മാരാകാം, Middlemen ആകാം, ലാഭം കൊയ്തുകൊണ്ടിരിക്കുകയാണ്. അതുമാറ്റി ഇവിടെത്തന്നെ നമ്മൾ നല്ലവണ്ണം നീങ്ങിയാൽ, ശ്രീമതി കെ. ആർ ഗൗരിയമ്മയുടെ ആവേശവും മുൻകൈയും അനുഭവസമ്പത്തുമെല്ലാം മുതലാക്കിയാൽ, ഈ വനിതാ സംഘങ്ങളേയും ഹരിത സംഘങ്ങളേയുമെല്ലാം ഉപയോഗപ്പെടുത്തിയാൽ നമുക്ക് വേണ്ടുവോളം ജൈവ പച്ചക്കറിയടക്കം ഉണ്ടാക്കാൻ കഴിയും. ആ വഴിക്ക് സമയ ബന്ധിതമായ ഒരു പദ്ധതിയുണ്ടാക്കി സബ്സിഡിയും കൊടുത്ത് പച്ചക്കറിയിൽ കേരളത്തെ സ്വയംപര്യാപ്തതയിലെത്തിക്കാനുള്ള പദ്ധതിക്ക് നീക്കമുണ്ടാകുമോ എന്നാണ് അറിയേണ്ടത്?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ഇതിനുമുമ്പും തമിഴ്നാട്ടിൽ നിന്നും കർണാടകയിൽ നിന്നുമാണ് പച്ചക്കറി വാങ്ങിയിരുന്നത്, ഇപ്പോഴും ഇവിടെ ഇല്ലാത്തത് വാങ്ങുന്നുണ്ട്. എന്നാൽ പഴയതിനേക്കാൾ കുറവാണ് അവിടെനിന്നും വാങ്ങുന്നത് എന്നുള്ള വ്യത്യാസം മാത്രമേയുള്ളൂ. പച്ചക്കറി കൃഷി നമുക്ക് വിപുലമായ വിധത്തിൽ കൃഷി ചെയ്യാം.

നമുക്ക് വേറെ പണിയൊന്നുമില്ല, ഈ പണി മാത്രമേയുള്ളൂ. അല്ലാതെ മറ്റു സൈഡ് ബിസിനസ്സൊന്നുമില്ല. അതുകൊണ്ട് ഉള്ള ജോലി ആവശ്യമായ വിധത്തിൽ നടത്തുന്നതിനുവേണ്ടിയുള്ള നടപടികളെടുക്കുന്നതിൽ ഒരു ആത്മാർത്ഥതക്കുറവുമില്ല. അതിന് ശ്രീ. ബിനോയ് വിശ്വത്തിന്റെയും കൂടി സഹായം അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, നമ്മുടെ കുടുംബശ്രീയുടെ കീഴിലല്ലാതെതന്നെ ഇന്ന് സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും വനിതകളുടെ കാർഷിക വികസന സമിതികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. അത്തരം സമിതികളെ സഹായിക്കുന്നതിന്റെ ഭാഗമായി, കാരറ്റ്, ബീൻസ്, കാബേജ് തുടങ്ങിയവ പൂർണ്ണമായും മറ്റു സംസ്ഥാനങ്ങളെ ആശ്രയിച്ചാണ് നിൽക്കുന്നതെന്ന് ഇന്നിവിടെ ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞു. മൂന്നാർ, വയനാട് തുടങ്ങിയ സ്ഥലങ്ങളിൽ ഇത്തരം കാർഷികോല്പന്നങ്ങളുണ്ടാക്കാനുള്ള അനുയോജ്യമായ കാലാവസ്ഥയും മണ്ണും നമുക്കുണ്ട്. അപ്പോൾ ഇത്തരത്തിലുള്ള വികസന സമിതികളെ സഹായിക്കുന്നതിന്റെ ഭാഗമായിട്ട് ഇത് പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയുമുള്ള എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പാക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ആലോചിക്കാം. പച്ചക്കറിയുടെ കാര്യമാണ് ഇപ്പോൾ പറഞ്ഞത്. ഞങ്ങളിപ്പോൾ പച്ചക്കറിക്കു പുറമേ ഈ രണ്ടു ജില്ലകളിലും floriculture പ്രധാനമായി എടുത്തിട്ടുണ്ട്. ആളുകൾ വന്നാൽ ആകർഷിക്കത്തക്ക വിധത്തിലുള്ള റോസ് ചെടിയും മറ്റു നല്ല തോട്ടങ്ങളും ഇടുക്കിയിൽ എടുത്തിട്ടുണ്ട്. പച്ചക്കറിക്കും ഞങ്ങൾ ഇന്നത്തെ നിലയിലൊന്ന് വിലയിരുത്തിയിട്ട് V. F. P. C. K.-യുടെ പ്രവർത്തനം വ്യാപിപ്പിച്ചാൽ മതിയെന്നുള്ള നിലയിലാണ് വരുന്നത്. ഇന്ന് ഈ തോട്ടങ്ങളിൽ വന്നിട്ടുള്ള ദുരന്തങ്ങളും ബുദ്ധിമുട്ടുകളും വച്ചുകൊണ്ടാണ് വയനാട് എടുത്തത്. വയനാട്ടിലെല്ലാ സ്ഥലത്തും പച്ചക്കറി സംഭരണം നടത്തുന്നതിനുള്ള നടപടികളുമുണ്ട്, അവിടെ ബീൻസ് ഉണ്ടാകുമോ എന്നെനിക്കറിയില്ല, എന്നാൽ കാരറ്റ്, കാബേജ്, ബീറ്റ്റൂട്ട്, ഉരുളക്കിഴങ്ങ് തുടങ്ങിയവ ഉണ്ടാകുന്നുണ്ട്. ഉരുളക്കിഴങ്ങ് ഇപ്പോൾ തന്നെ ഇടുക്കിയിൽ കൃഷി തുടങ്ങിക്കഴിഞ്ഞു. ആ വിധത്തിൽ നോക്കിയാൽ ഈ സ്ഥലങ്ങളിൽ കൂടുതലുണ്ടാകണം. പുതുതായിട്ടുള്ള പദ്ധതികൾ വേണമെന്നില്ല. ഇത് മറ്റു സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിച്ചു കൊണ്ടുപോകാനുള്ള നടപടിയെടുത്ത്, നമ്മുടെ ലക്ഷ്യമായ സ്വയംപര്യാപ്തതയിലേയ്ക്ക് കേരളത്തെ എത്തിക്കുന്നതിനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. ഏതായാലും ഒന്ന് ആലോചിച്ച് നോക്കാം.

ശ്രീ. രാജു എബ്രഹാം: സർ, തമിഴ്നാട്ടിൽ ലോറി സമരമുണ്ടായാൽ കേരളത്തിലെ മാർക്കറ്റിൽ പച്ചക്കറിയുണ്ടാവില്ല എന്നുള്ളതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമായിരുന്നു കഴിഞ്ഞ ലോറി സമരം. തമിഴ്നാട്ടിൽ നിന്നും വരുന്ന പച്ചക്കറികളെല്ലാം നല്ല വണ്ണമുള്ള പച്ചക്കറികളാണ്. എന്നാൽ ഇവ മാർക്കറ്റിൽ ആർക്കും ഇഷ്ടമല്ല. ഇവിടെ പുഴുക്കളുള്ള പച്ചക്കറികൾ വാങ്ങാനാണ് താല്പര്യം. എന്റെ ചോദ്യം, ഇപ്പോൾ നമ്മൾ വൻതോതിൽ പച്ചക്കറികൾ Horticorp-ൽ നിന്നും വാങ്ങുകയാണ്, ഈ പച്ചക്കറിയുല്പാദനത്തിൽ കീടനാശിനികൾ നിയന്ത്രിക്കാനുള്ള സംവിധാനങ്ങൾ നമ്മുടെ കൃഷി വകുപ്പിൽ ഉണ്ടോ, ഇല്ലെങ്കിൽ അതുസംബന്ധിച്ചുള്ള നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: കഴിഞ്ഞ ലോറി സമരം കേരളത്തെ വലുതായി ബാധിച്ചില്ല. നേരത്തെ തന്നെ Horticorp-ഉം Civil Supplies Corporation -ഉം ആവശ്യമായ പച്ചക്കറി അവിടെ കൊണ്ടുവന്നതുകൊണ്ട് ഇവിടെ സമരത്തിന്റെ പ്രത്യാഘാതം ബാധിച്ചില്ല,

LIBRARY ARCHIVES Kerala Legislative Assembly

വലിയ വിലയും ആയിട്ടില്ല. ഓരോരുത്തരും അവരവരുടെ കണ്ണിൽക്കൂടിയാണ് കാണുന്നത്, അത്രയേ ഞാൻ പറയുന്നുള്ളൂ. ബഹുമാനപ്പെട്ട ജി. കാർത്തികേയൻ ലോറി സമരം കഴിഞ്ഞതിനുശേഷം ഞങ്ങളെടുത്ത നടപടി സംബന്ധിച്ചും പച്ചക്കറിക്ക് വിലകൂടാതിരിക്കാനുള്ള കാരണങ്ങൾ സംബന്ധിച്ചും ഈ സഭയിൽ വിശദീകരിച്ചതാണ്. പിന്നെ പച്ചക്കറികളിൽ കൂടുതൽ കീടനാശിനികൾ വരുന്നതുകൊണ്ടാണ് ഇപ്പോൾ പ്രധാനമായും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നത്.

മി. സ്പീക്കർ : ചോദ്യം നമ്പർ 213.

സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി കുറഞ്ഞ വിലയ്ക്ക് ഗുണമേൻമയുള്ള സാധനങ്ങൾ ലഭ്യമാക്കാൻ നടപടി

*3 [213] ശ്രീ. സി. മോയിൻകുട്ടി:
,, യു. സി. രാമൻ:
,, കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്റ്റാളുകളിലും കടകളിലും കിട്ടുന്ന സാധനങ്ങളുടെ വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് ഗുണമേൻമയുള്ള സാധനങ്ങൾ മാർജിൻ ഫ്രീ മാർക്കറ്റുകളിൽ ലഭ്യമാണെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷന് ഗുണമേൻമയുള്ള സാധനങ്ങൾ വില കുറച്ച് വിൽക്കാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ എന്തൊക്കെയാണ്;

(സി) പ്രസ്തുത കാരണങ്ങൾ ഒഴിവാക്കി സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി കുറഞ്ഞ വിലയ്ക്ക് ഗുണമേൻമയുള്ള സാധനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ): സർ,

(എ) ഇല്ല.

(ബി, സി) സിവിൽ സപ്ലൈസ് കോർപ്പറേഷന് ഗുണമേന്മയുള്ള സാധനങ്ങൾ പൊതുവിപണിയിലുള്ളതിനേക്കാൾ വില കുറച്ച് വില്പന നടത്തുന്നതിന് സാധിക്കുന്നില്ല എന്നു പറയുന്നത് വസ്തുതാവിരുദ്ധമാണ്. കോർപ്പറേഷനുമാത്രമേ ഗുണമേന്മയുള്ള സാധനങ്ങൾ ഇത്ര കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കാൻ സാധിക്കുന്നുള്ളൂ. എല്ലാ നിത്യോപയോഗ സാധനങ്ങളും പൊതുവിപണിയിലേതിനേക്കാൾ വളരെ കുറഞ്ഞവിലയ്ക്കാണ് കോർപ്പറേഷന്റെ വില്പനശാലകൾ വഴി വിറ്റഴിക്കുന്നത്. ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് പ്രത്യേക സംവിധാനങ്ങൾ തന്നെ ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. സി. മോയിൻ കുട്ടി: സർ, സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സ്റ്റാളുകളിൽ കിട്ടുന്നതിനേക്കാൾ കുറഞ്ഞ വിലയ്ക്ക് മാർജിൻ ഫ്രീ സ്റ്റാളുകളിൽ നിന്നും സാധനങ്ങൾ ലഭ്യമാകുന്നു എന്ന വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടില്ല എന്ന് അങ്ങുപറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly